(ഡി) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കായി തിരുവനന്തപുരം ജില്ലാകളക്ടറുടെ 10-3-2010-ലെ 8/2010 ഇ. എം. എസ്. സി. സി./റ്റി. വി. പി. എം. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയ ഗുണഭോക്താക്കൾക്ക് അല്ലാതെ മറ്റാർക്കും തന്നെ ഈ പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയിട്ടില്ലാത്തതാണ്.

(ഇ) പരാതി ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഇ.എം.എസ്. ഭവന പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട അർഹരായവരെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽ നടന്ന ക്രമക്കേട്

168 (1638) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ വ്യാപകമായി അഴിമതി നടന്നതായി പത്രങ്ങളിലും, ചാനലുകളിലും വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചു ;

(ബി) അനർഹരായ ഗുണഭോക്താക്കൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ; അനർഹരെ ഉൾപ്പെടുത്തിയ മുഴുവൻ പേർക്കുമെതിരെ നടപടി സ്വീകരിക്കുമോ ;

(സി) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി നടത്തിപ്പിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ ആരൊക്കെയാണ് ; ടി ആളുകൾ പദ്ധതിനടത്തിപ്പിൽ അഴിമതി കാണിച്ചുവെന്നുള്ള ഏതെങ്കിലും പരാതി നിലനിൽക്കുന്നുണ്ടോ ; ടി പരാതിയിന്മേൽ വകുപ്പുതലത്തിൽ കൈക്കൊണ്ട നടപടികളുടെ പൂർണ്ണവിവരം വ്യക്തമാക്കുമോ ;

(ഡി) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി, വീട് അറ്റകുറ്റപ്പണി, മറ്റ് വ്യക്തിഗത ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിനു പുറത്ത് താമസിക്കുന്നവരെയും അനർഹരായവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി അടിയന്തരമായി സ്വീകരിക്കുമോ ;

(ഇ) അനർഹർ കടന്നുകൂടിയതുകാരണം ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലെ അർഹരുടെ അവസരം നഷ്ടമായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ എന്തെങ്കിലും ക്രമക്കേട് നടന്നതായി പരാതി ലഭിച്ചിട്ടില്ല. ചാനൽ വാർത്തയിൽ പരാമർശിക്കുന്ന ശ്രീമതി ബിന്ദു. എസ്, വേടർകോണം, നടുക്കാട് നരുവാമൂട് പി.ഒ. എന്നയാളിന് പഞ്ചായത്ത് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധയിൽപ്പെടുത്തി 39.85 ച. മി. വിസ്തീർണ്ണത്തിൽ ഒരു വീട് നിർമ്മിക്കുന്നതിലേക്കായി 16-4-2010 തീയതിയിലെ 347/10-11 നമ്പരായി ഒരു ബിൽഡിംഗ് പെർമിറ്റ് പഞ്ചായത്ത് നൽകിയിട്ടുള്ളതും 5-6-2010-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഓവർസീയർ ബിന്ദു എസ്. എന്നയാൾക്ക് 39.84 ച.മി. വിസ്തീർണ്ണത്തിൽ ഫൗണ്ടേഷൻ & ബേസ്മെന്റ് പൂർത്തിയാക്കിയതായി ടെക്നിക്കൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി 21-8-2010-ൽ അവസാനഗഡു തുക ഗുണഭോക്താവ് കൈപ്പറ്റിയിട്ടുണ്ട്. ഈ കെട്ടിടം കൂടുതൽ മുറികളോടെ എക്സ്റ്റൻഷൻ പണികൾ നടത്തിയിട്ടുള്ളതായി 2010 നവംബർ മാസത്തിൽ ഒരു ചാനൽ വാർത്ത വന്നിട്ടുള്ളതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ഇപ്പോൾ അറിയിച്ചിട്ടുണ്ട്. അതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) അനർഹരായ ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ വിഇഒ-യാണ് പദ്ധതി നടത്തിപ്പിൽ അഴിമതി കാണിച്ചു എന്നുള്ള ഏതെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ അനർഹരായവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അനർഹരായവർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് ചൂണ്ടിക്കാട്ടിയാൽ നടപടി സ്വീകരിക്കുന്നതാണ്.

ഇ.എം.എസ്. ഭവന പദ്ധതി

169 (1639) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ എത്ര വീടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) മണലൂർ നിയോജകമണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകളുടെ എണ്ണം സംബന്ധിച്ച പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ ;

(സി) പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly